വിദ്യാഭ്യസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആയൂർ റോഡിലെ മൊട്ടക്കാവ് പാലത്തിന്റെ പണി 28.6.99-ൽ ആണ് ആരംഭിച്ചത്. ഇപ്പോൾ ഒരു കൊല്ലം ആയിട്ടില്ല. പത്തുമാസമേ ആയിട്ടുള്ളൂ. 47 പൈലുകളുടെ കോൺക്രീറ്റ്- ജോലി കഴിഞ്ഞിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടിയുള്ള എർത്ത്ഫില്ലിംഗ് നടന്നുകൊണ്ടിരിക്കുന്നു. ഫൗണ്ടേഷൻ ജോലികൾ നടക്കുന്നുണ്ട്. അത്യാവശ്യമായ കമ്പിയും സിമെന്റും നൽകിയിട്ടുണ്ട്. പാലത്തിന്റെ അംഗീകരിച്ച അലൈൻമെന്റിൽ ചില മാറ്റങ്ങൾ വന്നിട്ടുള്ളതുകൊണ്ടാണ് പണിക്ക് അൽപം കാലതാമസമുണ്ടായത്. ഇത് ഒന്നരക്കൊല്ലംകൊണ്ട് തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ കുറെ കുടിശ്ശികയെല്ലാം കൊടുക്കാനുണ്ട്, ഒന്നരക്കൊല്ലം കൊണ്ട് തീർക്കാമെന്നാണ് പ്രതീക്ഷ.

(5) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത

ശ്രീ. ബാബു ദിവാകരൻ : സർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർ അവരുടെ ചില അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട ആവശ്യങ്ങളെക്കുറിച്ച് മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. അവിടെ പ്രൊമോഷനുകൾ വളരെക്കുറവാണ്. ജില്ലാ വയോജന വിദ്യാഭ്യാസ ഓഫീസും സംസ്ഥാനത്തെ വയോജന വിദ്യാഭ്യാസ ഓഫീസും നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചതുമൂലം പ്രൊമോഷനുവേണ്ടി കാത്തിരുന്ന മുപ്പതു വർഷത്തോളം സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാർക്ക് കനത്ത ആഘാതമാണ് ഉണ്ടായിരിക്കുന്നത്. ഒരു ജോയിന്റ് ഡയറക്ടറുടേയും ഏഴ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും അഞ്ച് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടേയും ഒരു ജൂനിയർ സൂപ്രണ്ടിന്റേയും ഉൾപ്പെടെ നിലവിലുള്ള നാൽപ്പത്തിരണ്ടോളം തസ്തികകളാണ് ഇല്ലാതാകാൻ പോകുന്നത്. സാധാരണഗതിയിൽ റദ്ദാക്കാനുദ്ദേശിക്കുന്ന തസ്തികകൾ പുനർനാമകരണം ചെയ്ത് അതേ വകുപ്പിൽ തന്നെ ജോലിഭാരം കൂടുതലുള്ള വിഭാഗങ്ങൾക്കുമാറ്റി റീഡിപ്ലോയ്മെന്റ് നടത്തുകയാണ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. പക്ഷെ ഈ റീഡിപ്ലോയ്മെന്റ് സാദ്ധ്യതകൾ ഈ ഡിപ്പാർട്ടുമെന്റിൽതന്നെയുണ്ട്. സംസ്ഥാനത്ത് വിവിധ ജില്ലകളിലുള്ള വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ സാമ്പത്തിക ക്രയവിക്രയങ്ങളും ജോലിഭാരവും ഉള്ളതാണ്. അവിടെ ഒരു ജൂനിയർ സൂപ്രണ്ടു മാത്രമാണ് അൻപത് ലക്ഷം രൂപയിൽ അധികം ചെലവുവരുന്ന ട്രാൻസാക്ഷൻസെല്ലാം സൂപ്പർവൈസ് ചെയ്യുന്നത്. ഈ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നവയുമാണ്. അതുകൊണ്ട് ഈ സംസ്ഥാനത്ത് 14 ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിലും അക്കൗണ്ട്സ് ഓഫീസേഴ്സിന്റെ തസ്തികകൾ അനിവാര്യമാണ്. ഇപ്പോൾ സംസ്ഥാനത്ത് നിറുത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്ന വയോജന വിദ്യാഭ്യാസ ഓഫീസുകളിലേയും മറ്റും തസ്തികകൾ പുനർനാമകരണം ചെയ്ത് ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 14 അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകളും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുവേണ്ടിയുള്ള വയോജന വിദ്യാഭ്യാസ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തരംതാഴ്ത്തൽ ഒഴിവാക്കി കിട്ടുന്നതിനായിട്ട് ഏഴു തസ്തികകളും അനുവദിക്കണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച് അംഗീകൃത സംഘടനയായ കേരള വിദ്യാഭ്യാസ മിനിസ്റ്റീരിയൽ സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

യൂണിയൻ സമർപ്പിച്ച നിവേദനം അനുവദിക്കുന്നതുവരെ ഇപ്പോൾ നിലവിലുള്ള വയോജന വിദ്യാഭ്യാസ ഓഫീസർമാരുടെ അനുബന്ധ തസ്തികകളും താൽക്കാലികമായി തുടരുന്നതിന് അനുമതി നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ വയോജന വിദ്യാഭ്യാസത്തിന് കേന്ദ്രത്തിന്റെ സാമ്പത്തികസഹായം ഇല്ലാതെ വന്ന സാഹചര്യത്തിലാണ് ഈ പ്രശ്നം ഉടലെടുത്തത്. ഇവരുടെ സേവനം കാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനും ഡയറ്റുകളിലും ഉപയോഗപ്പെടുത്തണമെന്നും മിനിസ്റ്റീരിയൽ ജീവനക്കാരെയും തലവൻമാരേയുമൊക്കെ വിദ്യാഭ്യാസ വകുപ്പിൽ സമുചിതമായി പുനർവിന്യസിപ്പിക്കണമെന്നും ഉള്ള നിർദ്ദേശം നിലവിലുണ്ട്. ഇത് വളരെ കറണ്ടായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു അന്തിമതീരുമാനം കൈക്കൊണ്ടുകൊണ്ട് ഏറ്റവും പെട്ടെന്ന് തീരുമാനമെടുക്കുന്നതാണ്. ഇവരെ റിവേർട്ട് ചെയ്യാതെ എങ്ങനെ ഈ വകുപ്പിൽ നിലനിർത്താമെന്ന് ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്.

(6) കേരളത്തെയും കർണ്ണാടകത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുപ്പുഴ പാലത്തിന്റെ അപകടാവസ്ഥ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : സർ, തലശ്ശേരി കുടക് അന്തർസംസ്ഥാന പാതയിൽ വരുന്നതു കർണ്ണാടകത്തെയും കേരളത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ എന്റെ നിയോജകമണ്ഡലത്തിലെ കൂട്ടുപ്പുഴ പാലം തീർത്തും അപകടാവസ്ഥയിലാണ്. കോൺക്രീറ്റും പാലത്തിന്റെ ഭാരം താങ്ങുന്ന ആർച്ചും അപകടകരമാംവിധം തകർന്നിരിക്കുകയാണ്. ഏത് നിമിഷവും അപകടവും റോഡ് ബ്ലോക്കും ആകാവുന്ന സ്ഥിതിയാണ് ഇന്നുള്ളത്. 1933-ൽ ബ്രട്ടീഷ് ഭരണകാലത്തുള്ള പാലത്തിന്റെ ഗ്യാരന്റി പീരീഡു കഴിഞ്ഞു. 17 വർഷം പിന്നിട്ടിരിക്കുകയാണ്. ഈ പാലം തകർന്നുപോയാൽ വടക്കേ മലബാറിൽനിന്ന് കുടകിലേയ്ക്കുള്ള ഗതാഗതം തന്നെ നിലയ്ക്കും. അതുകൊണ്ട് കൂട്ടുപ്പുഴപ്പാലം അടിയന്തിരമായ പുനർനിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തു വകപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, തലശ്ശേരി കൂർഗ് റോഡിലുള്ള കൂട്ടുപ്പുഴ പാലം 1933-ൽ നിർമ്മിച്ചതാണ്. ഇതിന് 68 കൊല്ലം പഴക്കമുണ്ട്. ഈ പാലത്തിന്റെ അപകട സ്ഥിതിമനസ്സിലാക്കിയിട്ടുണ്ട്. അതു പുതുക്കിപ്പണിയാൻ 150 ലക്ഷം രൂപ വേണ്ടിവരും. ഇതുപോലുള്ള പാലങ്ങൾ കേരളത്തിൽ കുറേയധികമുണ്ട്. മൊത്തം ഒരു പാക്കേജുണ്ടാക്കി ഈ അപകടസ്ഥിതിയിലുള്ള പാലങ്ങൾ പുനരുദ്ധരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും ഉള്ള കാര്യങ്ങൾ ഗൗരവമായിട്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. തോമസ് ചാഴികാടന്റെ സബ്മിഷൻ ഒരു പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. അങ്ങ് തന്ന സബ്മിഷൻ ഏറ്റുമാനൂർ കല്ലറ വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കുന്നതു സംബന്ധിച്ചാണ്. ആ റോഡ് 16 കിലോമീറ്റർ ദൈർഘ്യമുള്ള റോഡാണ്. അതിൽ രണ്ടു കിലോമീറ്റർ മാത്രമേ അങ്ങയുടെ റോഡുള്ളൂ. പി. നാരായണന്റെ നിയോജക മണ്ഡലത്തിലെ ആറു കിലോമീറ്റർ റോഡും മോൻസ് ജോസഫിന്റെ മണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly